റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താനൂർ നിയോജകമണ്ഡലത്തിലെ തീരദേശപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളടക്കമുള്ള നിവാസികൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ വില്ലേജ് തലത്തിൽ പൂർത്തിയായി വരികയാണ്. തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങൾക്ക് ദൂര പരിധിയിൽ ഇളവ് ലഭ്യമാകുകയും ഫിഷറീസ് വകുപ്പിന്റെ അനുമതി ആവശ്യമുള്ള കേസ്സുകളിൽ അനുമതി ലഭിക്കുകയും തീരദേശ റീസർവ്വേ പൂർത്തിയാകുകയും ചെയ്യുന്ന മുറയ്ക്ക് പട്ടയം നൽകാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ തീരദേശപ്രദേശങ്ങളിൽ വസിക്കുന്ന ആളുകൾക്ക് പട്ടയം നൽകുന്നതിനുവേണ്ടി അടിയന്തരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) ഫെയർവാല്യൂവിൽ നിന്നും ഒഴിവാക്കൽ

ശ്രീ. വി.ഡി. സതീശൻ: സർ, നമ്മുടെ നെൽവയൽ നീർത്തട നിയമത്തിൽ 3 (എ) ഭേദഗതി ഈ സഭ പാസ്സാക്കുകയുണ്ടായി. അതിനെത്തുടർന്ന് 2008-നുമുൻപ് നിലം നികത്തിയ കേസ്സുകൾ എല്ലാം ക്രമവൽക്കരിക്കുന്നതിന് വേണ്ടിയുള്ള ഒരു തീരുമാനമെടുക്കുകയുണ്ടായി. ആ നിയമത്തിനുള്ള 3 (എ) ഭേദഗതിക്കുള്ള ചട്ടവും ഈ നിയമസഭയിൽ കൊണ്ടുവരികയും പാസ്സാക്കുകയുമുണ്ടായി. ഈ നിയമവും ചട്ടവുമനുസരിച്ച് 2008-നുമുൻപ് നികത്തിയ നിലങ്ങളെല്ലാം ക്രമവൽക്കരിക്കുമ്പോൾ ഇപ്പോഴുള്ള ഫെയർ വാല്യൂവിന്റെ 25 ശതമാനം ഫൈനായി അടച്ചിട്ടാണ് ക്രമവൽക്കരിക്കുന്നത്. നിരവധി വർഷക്കാലമായി പുരയിടമായി വീട് വച്ച് താമസിക്കുന്നവരുടെ സ്ഥലം രേഖയിൽ നിലമായി രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ട് അവർക്ക് ഫെയർ വാല്യൂവിന്റെ 25 ശതമാനം പണമായി അടയ്ക്കേണ്ടിവന്നിരിക്കുകയാണ്. ഗ്രാമപ്രദേശങ്ങളിൽ 10 സെന്റിൽ താഴെയുള്ളവർക്കും നഗരപ്രദേശങ്ങളിൽ 5 സെന്റിൽ താഴെയുള്ളവർക്കും സ്ഥലം നികത്താനുള്ള അനുമതി ഈ നിയമത്തിൽ തന്നെയുണ്ട്. അതിനനുബന്ധമായി ഇപ്പോൾ ഇത് ക്രമവൽക്കരിക്കുമ്പോൾ, ഈ ഫെയർ വാല്യൂവിന്റെ 25 ശതമാനം അടയ്ക്കുന്നതിൽനിന്നും ഗ്രാമ പ്രദേശങ്ങളിൽ 10 സെന്റുകാരേയും നഗരപ്രദേശങ്ങളിൽ 5 സെന്റുകാരേയും ഒഴിവാക്കണമെന്നതാണ് എന്റെ സബ്മിഷൻ. 2008 -നുമുൻപ് നികത്തപ്പെട്ട ഈ സ്ഥലങ്ങളിൽ 10 സെന്റുകാരന് ഫെയർ വാല്യൂവിന്റെ 25 ശതമാനം അടയ്ക്കണമെങ്കിൽ ഓരോ സ്ഥലത്തിനും മിനിമം 20 ലക്ഷം രൂപ മുതൽ 40 ലക്ഷം രൂപ വരെ ഫെയർവാല്യൂ ഉണ്ട്. 5 ലക്ഷം രൂപയും 10 ലക്ഷം രൂപയും 10 സെന്റിൽ താമസിക്കുന്ന സാധാരണക്കാരെക്കൊണ്ട് ഫെയർ വാല്യൂവിന്റെ 25 ശതമാനം അടപ്പിക്കുക എന്നു പറയുന്നത് അന്യായമായ കാര്യമാണ്. അതുകൊണ്ട് നിയമത്തിലോ, ചട്ടത്തിലോ ആവശ്യമായ ഭേദഗതി വരുത്തി ഗ്രാമപ്രദേശങ്ങളിൽ 10 സെന്റിൽ താഴെയുള്ളവരേയും നഗരപ്രദേശങ്ങളിൽ 5 സെന്റിൽ താഴെയുള്ളവരേയും ഫെയർവാല്യൂവിന്റെ 25 ശതമാനം അടയ്ക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, 2015-ലെ കേരള ധനകാര്യ 2-ാം നമ്പർ ആക്ടിന് അനുസൃതമായാണ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. 2008-ന് മുമ്പ് നികന്നുപോയതോ നികത്തപ്പെട്ടതോ ആയ ഭൂമി, പ്രസ്തുത ഭൂമിയുടെ ന്യായവിലയുടെ 25 ശതമാനം ഈടാക്കി ക്രമവൽക്കരിക്കാവുന്നതും ന്യായവില പ്രസിദ്ധീകരിക്കപ്പെടാത്ത സംഗതിയിൽ മേൽപ്പടി ഭൂമിയുടെ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ ന്യായവിലയുടെ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ടുള്ള രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കാവുന്ന രീതിയിൽ ക്രമവൽക്കരിക്കുന്ന തരത്തിലാണ് നെൽവയൽ സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടിയാണ് ഇത്തരത്തിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ബിൽ ഭേദഗതി ചെയ്തിട്ടുള്ളത്. പുതിയ ഭേദഗതി അനുസരിച്ച് 2008-ന് മുമ്പ് നികന്നുപോയതോ നികത്തപ്പെട്ടതോ ആയ നിലങ്ങളിൽ ഗ്രാമീണ മേഖല, നഗര മേഖല എന്ന രീതിയിലുള്ള വേർതിരിവോ പ്രസ്തുത മേഖലകളെ ഒഴിവാക്കി നൽകാവുന്ന വസ്തുവിന്റെ അളവിനെക്കുറിച്ചോ പ്രതിപാദിച്ചിരുന്നില്ല. എന്നാൽ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 5(3)(i) വകുപ്പുപ്രകാരം നെൽവയലിന്റെ ഉടമസ്ഥന് വാസഗൃഹ നിർമ്മാണാവശ്യാർത്ഥം പഞ്ചായത്തിൽ പത്തും മുനിസിപ്പൽ കോർപ്പറേഷൻ ഭാഗങ്ങളിൽ 5 സെന്റും കൂടുതൽ നികത്തുന്നതിന് ജില്ലാതല അധികൃത സമിതിക്ക് ശിപാർശ നൽകുവാൻ പ്രാദേശികതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ അഞ്ച് സെന്റും പുതിയതായി കൊണ്ടുവന്ന 3A വകുപ്പിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ടി നിയമം ഭേദഗതി ചെയ്യുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. ഈ കാര്യത്തിൽ ധനകാര്യ ബില്ലിന്റെ അടിസ്ഥാനത്തിൽ ഒരു ബിൽ നേരത്തെതന്നെ കൊണ്ടുവന്നിട്ടുണ്ട്. അതിൽ ഭേദഗതി വരുത്തിയാൽ മതിയോ എന്ന് നിയമപരമായി പരിശോധന നടത്തി തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

(8)താലോലം കാൻസർ സുരക്ഷാ പദ്ധതികൾ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്ന് "താലോലം" പദ്ധതിയും മറ്റൊന്ന് "കാൻസർ സുരക്ഷാ" പദ്ധതിയുമാണ്. സാമൂഹ്യ നീതി വകുപ്പ് നടത്തുന്ന എല്ലാ പദ്ധതികൾക്കും

LIBRARY ARCHIVES Kerala Legislative Assembly